(എ) കായംകുളം മണ്ഡലത്തിൽ 1995-96, 1996-97, 1997-98, 1998-99, 1999-2000 എന്നീ അഞ്ച് വർഷങ്ങളിൽ ബഡ്ജറ്റിൽ സ്ഥാനംപിടിച്ചതും ചീഫ് എഞ്ചിനീയറുടെ എൽ.എസ്. പ്രൊവിഷനിൽ ചെയ്യാൻ ഉൾപ്പെടുത്തിയതുമായ റോഡുകളും കെട്ടിടങ്ങളും പാലങ്ങളും അടക്കമുള്ള മരാമത്ത് പണികളുടെ വിശദവിവരങ്ങൾ പേരും എസ്റ്റിമേറ്റ് തുകയും ഉൾപ്പെടെ വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ പണി പൂർത്തിയാക്കിയവയുടെ ലിസ്റ്റും അവയ്ക്ക് ചെലവഴിച്ച തുകകളും വ്യക്തമാക്കുമോ;

(സി) ഇവയിൽ പണി നടന്നുകൊണ്ടിരിക്കുന്ന വർക്കുകളുടെ വിവരങ്ങൾ നൽകുമോ;

(ഡി) പണി ആരംഭിക്കാത്ത വർക്കുകൾ ഏവ; ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; ഇവയുടെ പണി ഉപേക്ഷിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) 1999-2000-ാമാണ്ടിൽ മണ്ഡലത്തിൽ ബഡ്ജറ്റിലുള്ള മരാമത്ത് പണികൾ സമയബന്ധിതമായി തീർക്കാൻ തയ്യാറാക്കിയ പദ്ധതികൾ വിശദീകരിക്കുമോ;

(എഫ്) പണികൾ ഈ ബഡ്ജറ്റ് വർഷത്തിൽ പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ)-(എഫ്) നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

87 (1631) മരാമത്ത് വകുപ്പ് എഞ്ചിനീയർമാരുടെ സ്ഥലംമാറ്റം

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മരാമത്ത് വകുപ്പിൽ എത്ര തവണ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ സ്ഥലംമാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലഘട്ടത്തിൽ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരുടെ സ്ഥലംമാറ്റം എത്ര തവണ നടന്നുവെന്ന് ഡിവിഷൻതിരിച്ച് വ്യക്തമാക്കുമോ;

(സി) നിശ്ചിത കാലാവധിക്കുള്ളിൽ സ്ഥലംമാറ്റം നടത്തുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ 51 വിവിധ ഉത്തരവുകൾ പ്രകാരവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ 14 വിവിധ ഉത്തരവുകൾ പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയർമാരെ 104 വിവിധ ഉത്തരവുകൾ പ്രകാരവും സ്ഥലംമാറ്റിയിട്ടുണ്ട്.

(ബി) സ്ഥലംമാറ്റം സംസ്ഥാന തലത്തിലാണ് നടത്തുന്നത്. ഡിവിഷൻ തിരിച്ച് വ്യക്തമാക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥലംമാറ്റം എഞ്ചിനീയർമാരുടെ ആവശ്യപ്രകാരവും പ്രൊമോഷൻ, റിട്ടയർമെന്റ് ഒഴിവുകൾ നികത്തുന്നതിനായും ഭരണപരമായ സൗകര്യങ്ങൾക്കും വേണ്ടിയാണ് നടത്തുന്നത്.

88 (1632) ഭവനരഹിതർക്ക് വീട് നൽകാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസികൾ വഴിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഇതുവഴി എത്ര രൂപയുടെ സാമ്പത്തികസഹായമാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ ഏജൻസികൾ മുഖാന്തിരം താഴെപ്പറയുന്ന ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. മൈത്രീ ഭവനനിർമ്മാണ പദ്ധതി.
2. താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
3. ഇടത്തരം വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
4. ഉയർന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
5. ഭവന നിർമ്മാണ ബോർഡിന്റെ പൊതുഭവന നിർമ്മാണ പദ്ധതി.
6. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
7. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി.
8. ഭവന പുനരുദ്ധാരണ പദ്ധതി.

ഇതിനുപുറമേ ഭവന നിർമ്മാണ രംഗത്തെ പ്രമുഖ ഏജൻസിയായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വിവിധ വരുമാനക്കാർക്കുള്ള വായ്പാ പദ്ധതികൾ.
2. പ്ലാന്റേഷൻ കോർപ്പറേഷൻ, ബാംബൂ കോർപ്പറേഷൻ, ഖാദി വ്യവസായബോർഡ്, തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.
3. വിദേശ മലയാളികൾക്കുള്ള ഹൗസിംഗ് കോളനി.
4. പത്രപ്രവർത്തകർ, എം.എൽ.എ., എം.പി. തുടങ്ങിയവർക്കുള്ള ഭവന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly